"ഭരണഭാഷ"-മാതൃഭാഷ"

## വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം.

JAA (C)

The document should be uploaded to the Department website

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം

**(ഹാജർ: എ.ഷൈനാ മോൾ.ഐ.എ.എസ്സ്.)**

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ഐ.ടി.ഐ കളിൽ സ്ത്രീകൾക്കായി വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം: 1) സ.ഉ (ആർ.ടി) നം.383/2014/തൊഴിൽ തീയതി 17.03.2014.

**ഉത്തരവ് നമ്പർ ഇ7/26489/13 തീയതി 19.03.2014.**

2012-13 സാമ്പത്തിക വർഷത്തിൽ "4202-02-800-86" എന്ന ശീർഷകത്തിൽ 10 ഐ.ടി.ഐ കളിൽ സ്ത്രീകൾക്കായി വിശ്രമ മുറികൾ, ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവ നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക ലഭ്യമല്ലാത്തതിനാൽ സബ്ജക്റ്റ് കമ്മിറ്റി VI (വിദ്യാഭ്യാസം) 2013-14 സാമ്പത്തിക വർഷത്തിൽ മതിയായ ഫണ്ട് ടി ആവശ്യത്തിന് ലഭ്യമാക്കുവാൻ ഖണ്ഡിക 63 പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സർക്കാർ ടി തുക ഏതു ശീർഷകത്തിൽ ഒടുക്കാമെന്ന് അറിയിക്കുവാൻ നിർദ്ദേശിച്ച സാഹചര്യത്തിൽ നിലവിലുള്ള "മോഡണൈസേഷൻ" ശീർഷകത്തിൽ 10.32 കോടി രൂപ ബാക്കിയുള്ളതിൽ നിന്ന് 1,50,00,000/-രൂപ (ഒരു കോടി അൻപത് ലക്ഷം മാത്രം) വക കൊള്ളിക്കാമെന്ന് സർക്കാർ അറിയിച്ചിരിക്കുന്നു.

പരാമർശം പ്രകാരം സർക്കാർ കാസർഗോഡ്, കയ്യൂർ, മലമ്പുഴ, കുഴൽമന്ദം, മാള, കളമശ്ശേരി, പള്ളിക്കത്തോട്, ചാക്ക, കട്ടപ്പന, നിലമ്പൂർ എന്നീ ഐ.ടി.ഐ കളിൽ സ്ത്രീകൾക്ക് വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി ഓരോ ഐ.ടി.ഐ യ്ക്കും 15 ലക്ഷം രൂപ വീതം "2230-03-101-87-Modernisation of ITIs-34-OC-3-Other Items (Plan)-2013-14" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുവാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കാസർഗോഡ്, കയ്യൂർ, മലമ്പുഴ, കുഴൽമന്ദം, മാള, കളമശ്ശേരി, പള്ളിക്കത്തോട്, ചാക്ക, കട്ടപ്പന, നിലമ്പൂർ എന്നീ ഓരോ ഐ.ടി.ഐ കളിലും സ്ത്രീകൾക്കായി വിശ്രമ മുറികൾ, ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവ

നിർമ്മിക്കുവാൻ 15 ലക്ഷം രൂപ വീതം ആകെ 1,50,00,000/-രൂപ 10 ഐ.ടി.ഐ കൾക്കും കൂടി ചെലവഴിക്കുന്നതിനും ഓരോ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും 15 ലക്ഷം രൂപ വീതം ടി ആവശ്യത്തിന് ഉപയോഗിക്കുന്നതിനും, ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി വിഭാഗത്തിന്റെ പേരിൽ ഡിമാൻറ് ഡ്രാഫ്റ്റ് എടുക്കുന്നതിനും അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിനാവശ്യമായ തുക "2230-03-101-87-Modernisation of ITIs-34-OC-3-Other Items (Plan)-2013-14" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്
**ട്രെയിനിംഗ് ഡയറക്ടർ**

//ഉത്തരവിൻ പ്രകാരം//

ജോയിൻറ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്

പ്രിൻസിപ്പാൾ
ഐ.ടി.ഐ
കാസർഗോഡ്/കയ്യൂർ/മലമ്പുഴ/കുഴൽമന്ദം/മാള/കളമശ്ശേരി/പള്ളിക്കത്തോട്/ചാക്ക/കട്ടപ്പന/നിലമ്പൂർ - ***ഈ വിഷയത്തിൽ താങ്കൾ അടിയന്തിരമായി പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെട്ട് പരമാവധി 15 ലക്ഷം രൂപ ചിലവിൽ സ്ത്രീകൾക്കായി വിശ്രമ മുറികൾ, ഡ്രസ്സിംഗ് റൂമുകൾ, ടോയ്ലറ്റുകൾ എന്നിവ നിർമ്മിക്കുവാൻ പി.ഡബ്ല്യു.ഡി യിൽ നിന്നും എത്രയും വേഗം എസ്റ്റിമേറ്റ് വാങ്ങേണ്ടതും വിവരം ഡയറക്ടറേറ്റിൽ അറിയിച്ച് അനുമതി ലഭ്യമായതിനു ശേഷം ഡി.ഡി പി.ഡബ്ല്യു.ഡി അധികൃതർക്ക് കൈമാറേണ്ടതുമാണ്.***

2) അക്കൗണ്ടൻറ് ജനറൽ
കേരള, തിരുവനന്തപുരം.
3) ഐ1 സീറ്റ് -അലോട്ട്മെൻറിനായി
4) ഇ7 -സ്റ്റോക്ക് ഫയൽ

35

JS(E)F E7

17/3/14

കേരള സർക്കാർ

## സംഗ്രഹം

വ്യാവസായിക പരിശീലന വകുപ്പ് - 10 ഗവ. ഐ.ടി.ഐ.കളിൽ സ്ത്രീകൾക്ക് വിശ്രമകേന്ദ്രം പണിയാൻ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (ആർടി) നം. 383/2014/തൊഴിൽ തിരുവനന്തപുരം, തീയതി 17.03.2014.

---

പരാമർശം - 1. കേരള നിയമസഭാ സെക്രട്ടറിയുടെ 26.6.2013, 12.7.2013 എന്നീ തീയതികളിലെ 2648/സബ്.സി.ഇ-1/2013/ലെജി. നമ്പർ കത്തുകൾ

2. ട്രെയിനിംഗ് ഡയറക്ടറുടെ 3.9.2013, 25.1.2014,26.2.2014 എന്നീ തിയതികളിലെ ഇ 7/26489/2013 നമ്പർ കത്തുകൾ.

## ഉത്തരവ്

സൂചന ഒന്നു പ്രകാരമുള്ള സബ്ജക്ട് കമ്മിറ്റി-VI (വിദ്യാഭ്യാസം)ന്റെ ശിപാർശ, സൂചന രണ്ടു പ്രകാരം ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വസ്തുതകൾ എന്നിവ കണക്കിലെടുത്ത് ചുവടെ ചേർക്കുന്ന ഗവ. ഐ.ടി.ഐ. കളിൽ സ്ത്രീകൾക്ക് വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഐ.ടി.ഐ. കാസർഗോഡ്
2. ഐ.ടി.ഐ. കയ്യൂർ
3. ഐ.ടി.ഐ. മലമ്പുഴ
4. ഐ.ടി.ഐ. കുഴൽമന്ദം
5. ഐ.ടി.ഐ. മാള
6. ഐ.ടി.ഐ. കളമശ്ശേരി
7. ഐ.ടി.ഐ. പള്ളിക്കത്തോട്
8. ഐ.ടി.ഐ. ചാക്ക, തിരുവനന്തപുരം
9. ഐ.ടി.ഐ. കട്ടപ്പന
10. ഐ.ടി.ഐ. നിലമ്പൂർ

E1

17/03/14

2. ഇതിനാവശ്യമായ തുകയായ 150 ലക്ഷം രൂപ '2230-03-101-87-Modenisation of ITIs-34-OC-3-other items (Plan) 2013-14' ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ.
ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (20.10.2013 ലെ 82669/H&L-A1/13/Fin. പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ് (6.12.2013 ലെ 17020/എ 2/13/പ്ലാനിംഗ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.